# കേരള ധനകാര്യ മന്ത്രിക്ക് ഒരു തുറന്ന കത്ത്

## 2016-2027 ലെ കേരളത്തിന്റെ ധനകാര്യം സാമ്പത്തിക ഞെരുക്കവും അച്ചടക്കമില്ലായ്മയും സുസ്ഥിര വളർച്ചയ്ക്ക് തടസം-മറികടക്കാൻ പുതു-പ്ലാനും ലളിത ലക്ഷ്യങ്ങളും

**ഡോ. ജോസഫ് എബ്രഹാം, ധനകാര്യ സാമ്പത്തിക വിദഗ്ദ്ധൻ**

കേരളത്തിന്റെ സാമ്പത്തിക സ്ഥിതി ഇന്ന് തികച്ചും അപകടകരമായ നിലയിലാണ്. (i) സി.എ.ജിയുടെ 2024 റിപ്പോർട്ട്, നിലവിൽ വളരെ ശക്തി പ്രാപിച്ച ഘടനാപരമായ ധനകാര്യ അസന്തുലിതാവസ്ഥയെ തുറന്നുകാട്ടുന്നു; വർദ്ധിച്ചുവരുന്ന കടം, വരുമാന കമ്മി, ഉൽപ്പാദന നിക്ഷേപത്തേക്കാൾ ഉപഭോഗത്തിനായി ഉപയോഗിക്കുന്ന കടമെടുക്കൽ എന്നിവയൊക്കെ. (ii) സർക്കാരിന്റെ സമീപകാല വിഷൻ 2031 രേഖ, അഭിലാഷങ്ങളാൽ സമ്പന്ന മാണെനങ്കിലും, വാഗ്ദത്ത മഹത്തായ ലക്ഷ്യങ്ങൾക്കും ക്ഷേമ വാഗ്ദാന ങ്ങൾക്കും എങ്ങനെ ധനസഹായം കണ്ടെത്തി നൽകുമെന്ന് വിവരിക്കുന്ന സുതാര്യവും വ്യക്തവുമായ ഒരു സാമ്പത്തിക മാർഗരേഖ ലഭ്യമല്ല. നിലവിലെ സാമ്പത്തിക പ്രതിസന്ധികളെ നേരിടാൻ 2025 ഒക്ടോബർ 13-ന് കൊച്ചിയിൽ നടന്ന ധനകാര്യ ദർശനം 2031 സെമിനാറിൽ ഉന്നയിച്ച ആറ് ഇന ആവശ്യ ങ്ങൾ നേടിയെടുക്കാൻ സാധ്യതയുണ്ടോ? ആയതിനു വേണ്ട സമഗ്ര തയ്യാ റെടുപ്പുകൾ നിലവിൽ ഇല്ലതന്നെ. (iii) ഉടനെ നടക്കുവാൻപോകുന്ന 2025 -26ലെ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് പ്രഖ്യാ പിച്ചിരിക്കുന്ന 10,000 കോടി രൂപയുടെ ക്ഷേമ ദാനങ്ങൾ, ഇതിനായ് വെളിപ്പെ ടുത്താത്ത വിഭവസമാഹരണ വഴികൾ, എന്നിവ വർദ്ധിത സാമ്പത്തിക സമ്മർദ്ദവും പൊതുജന സംശയവും വർദ്ധിപ്പിക്കുന്നു. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം, ഇവയൊക്കെ ഉയർന്ന ജീവിതചെലവ്, വൈകിയെ ത്തുന്ന വികസനം, ദുരിത ചെലവുകൾ, വരും തലമുറയ്ക്ക് ഭാരിച്ച കടബാധ്യ തകൾ എന്നിവ വർദ്ധിപ്പിക്കും. സാമ്പത്തിക സുസ്ഥിതര ഭരണത്തേക്കാൾ തിര ഞ്ഞെടുപ്പ് വാചാടോപമായി കാണപ്പെടുന്ന, ഫണ്ട് ലഭ്യത വെളിപ്പെടുത്താത്ത തുമായ പലവിധ ഉറപ്പുകൾ, താങ്കളുടെ സാമ്പത്തിക നേതൃത്വം വാഗ്ദാനം ചെയ്തിരിക്കുന്നു. (iv) 2026-27 ൽ പ്രാവർത്തികമാക്കേണ്ട നിർബന്ധിത സാമ്പ ത്തിക മാനദണ്ഡങ്ങൾ, യാഥാർത്ഥ്യബോധമുള്ള അഞ്ച് ലക്ഷ്യങ്ങൾ, നില വിലെ അപകടകരമായ ധന-പ്രകടന നില എന്നിവയ്ക്ക് പുറമേ, മേൽപ്പറഞ്ഞ മൂന്ന് മാനങ്ങളുമായി പാരസ്പര്യമുള്ള ആശങ്കകളും വിശകലനങ്ങളും ഇവിടെ വിവരിക്കട്ടെ. (v) അടുത്ത സാമ്പത്തിക വർഷത്തിൽ (2026-2027) സംസ്ഥാന ധനകാര്യ വകുപ്പ് നിലവിൽ അഭിമുഖീകരിക്കുന്ന അവസ്ഥയും ഭാവിയിൽ നടപ്പിലാക്കേണ്ടതുമായ ആറിന പ്രവർത്തന പദ്ധതിയും ഇതോ ടൊപ്പം തയ്യാറാക്കി അവതരിപ്പിക്കുന്നു.

ജനാധിപത്യ മാർഗ്ഗങ്ങളിലൂടെ സദ്-സുസംഘടിത സാമ്പത്തിക ഭരണം ഉറപ്പാക്കുന്നതിന് മേൽ പ്രഖ്യാപിത ആശങ്കകൾ പരിഹരിക്കാൻ ഒരു പൊതു നയരേഖ ജനങ്ങൾക്കായി ലഭ്യമാക്കാൻ അഭ്യർത്ഥിക്കുന്നു. വിഷൻ 2031 ന്റെ 'പണിക്കാർ' ഈ വെല്ലുവിളികൾ ഏറ്റെടുക്കട്ടെ?

**ചില യാഥാർത്ഥ്യങ്ങൾ**

2014-2023 കാലഘട്ടത്തിൽ സംസ്ഥാനത്തിന്റെ യഥാർത്ഥ ധനസ്ഥിതി തികച്ചും ആശങ്കാജനകമായി മാറിയിരിക്കുന്നതായി കാണാം:- (i) പ്രതിശീർഷ റിയൽ വരുമാനം ശരാശരി 4% വളർച്ച രേഖപ്പെടുത്തി (₹1.24 ലക്ഷം ₹1.76 ലക്ഷമായി ഉയർന്നു); (ii) പ്രതിശീർഷ റിയൽ കടം ശരാശരി 5.9% നിരക്കിൽ വളർന്നു (₹0.39 ലക്ഷം ₹0.65 ലക്ഷമായി); (iii) കടം വരുമാന അനുപാതം 30 -37% നിരക്കിൽ തുടരുന്നു. കടത്തിന്റെ വളർച്ചാ നിരക്ക് തുടരെ വരുമാന നിര ക്കിൽ ഉപരിയായി തുടരുന്നു. അതായത് പൗരന്റേമേൽ വച്ചിരിക്കുന്ന ഭാരം വാർഷിക വരുമാനത്തിന്റെ മൂന്നിലൊന്നായി മാറി. ഇവ നമ്മുടെ ധനകാര്യ ഇടം തികച്ചും ഞെരുക്കത്തിലാക്കി. ഫലമോ അമിത കടഭാരവും കടക്കെണി ഭീഷണിയും സാധാരണക്കാരന്റെ മേൽ സാമ്പത്തിക ആഘാതങ്ങൾ, വിലക്ക യറ്റം, തൊഴിലില്ലായ്മ, അനാരോഗ്യം, പോഷകകുറവ്, വരുമാന ദൗർലഭ്യം എന്നിവയെ തുടരാനനുവദിച്ചിരിക്കുന്നു.

**സി.എ.ജി. മിറർ**

കേരളത്തിന്റെ സാമ്പത്തിക ധനവ്യവസ്ഥ ഒരു നിർണായക ഘട്ടത്തി ലൂടെയാണ് കടന്നുപോവുന്നത്. സി.എ.ജി.യുടെ 2024-ലെ സംസ്ഥാന ധന കാര്യ റിപ്പോർട്ട് നമ്പർ 5, നിലവിൽ ലഭ്യമായിട്ടുള്ള സ്വതന്ത്ര വിശകലനങ്ങളെ സ്ഥിരീകരിക്കുന്നു; ഘടനാപരമായ വരുമാന കമ്മി, വർദ്ധിച്ചുവരുന്ന പ്രതിബ ദ്ധതയുള്ള ചെലവുകൾ, ബജറ്റിന് പുറത്തുള്ള വായ്പ-ബാധ്യതകളുടെ വർദ്ധിത ഭാരം എന്നിവ. 2016നും 2025നും ഇടയിൽ, ആരോഗ്യകരമായ ജി.എ സ്.ഡി.പി. വളർച്ച ഉണ്ടായിരുന്നിട്ടും, നിക്ഷേപത്തേക്കാൾ കൂടുതൽ വായ്പ കൾ, ഉപഭോഗത്തിന് ധനസഹായം വലിയതോതിൽ നൽകിയതിനാൽ സാമ്പ ത്തിക ആരോഗ്യം മുരടിച്ചു. വിഷൻ 2031 പ്രകാരം സംസ്ഥാനം 2026-27 സാമ്പ ത്തിക വർഷത്തിലേക്ക് കടക്കുമ്പോൾ, കേരളത്തിന് ഇപ്പോൾ വേണ്ടത് മറ്റൊരു രോഗനിർണയ പ്രസ്താവനയല്ല, മറിച്ച് നിർണായകമായ ധനനയ തിരുത്തലുകളാണ്.

**സാമ്പത്തിക യാഥാർത്ഥ്യങ്ങൾ**

നിലവിലെ ദശകത്തിൽ (2016-26), റവന്യു ചെലവ് മൊത്തം ധന വിഹി തത്തിന്റെ ഏകദേശം 90 ശതമാനവും ഉപയോഗിക്കപ്പെട്ടു. അതേസമയം ശമ്പ ളം, പെൻഷനുകൾ, പലിശ എന്നിവ ഈ റവന്യു ചെലവിന്റെ ഏകദേശം 65 ശതമാനം ആഗിരണം ചെയ്യുന്നു. 2022-23ൽ ജി.എസ്.ഡി.പി.യുടെ 6.9 ശത മാനമായിരുന്ന സ്വന്തം നികുതി ശ്രമം നിർദ്ദിഷ്ട ലക്ഷ്യത്തിന് വരെ പിന്നിലാ

യിരുന്നു. ഏകദേശം ₹16,500 കോടി (2026-31) തിരിച്ചടവുകൾ നേരിടുന്ന KIIFB, KSSPL എന്നിവയിലൂടെയുള്ള ബജറ്റിന് പുറത്തുള്ള വായ്പകൾ, കടമെടുപ്പ് തിരിച്ചടവ് സ്ഥിതി കൂടുതൽ രൂക്ഷമാക്കി. വർദ്ധിത-കുടിശ്ശികയും, നിഷ്ക്രിയ ബാലൻസുകളും, ദുർബലമായ നടപ്പാക്കലിന്റെയും പണചിലവ് അച്ചടക്കമില്ലായ്മയുടെയും, വ്യക്തമായ ലക്ഷണങ്ങൾ CAG ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

**<u>കാരണങ്ങളും പരിണതഫലങ്ങളും</u>**

കർശനമായ ചെലവ് ഘടന, ഉപഭോഗത്തിന് മുൻഗണനയുള്ള വായ്പകൾ, ബജറ്റിന് പുറത്തുള്ള വായ്പാ വിപുലീകരണം എന്നിവ സ്വയം മുറുകെപ്പിടിക്കുന്ന സാമ്പത്തിക വലയം സൃഷ്ടിച്ചിരിക്കുന്നു. ഫലമൊ, കുറഞ്ഞുവരുന്ന സാമ്പത്തിക ഇടം, വർദ്ധിച്ചുവരുന്ന കടം-സേവന ചെലവുകൾ, കുറഞ്ഞ മൂലധന നിക്ഷേപ തീവ്രത. 2027-31 ഓടെ അടയ്ക്കേണ്ട ഭാരിച്ച തിരിച്ചടവുകൾ ക്ഷേമത്തെയും വികസനത്തെയും ഒരുപോലെ ശ്വാസം മുട്ടിക്കും.

**<u>കെട്ടിപ്പടുക്കാവുന്നവ</u>**

കേരളം ഇപ്പോഴും ശക്തമായ ജി.എസ്.ഡി.പി. അടിത്തറ, ഉയർന്ന സാക്ഷരത, മെച്ചപ്പെട്ട നികുതി ശേഷി എന്നിവ നിലനിർത്തുന്നു. ആവർത്തിച്ചുള്ള ചെലവുകളേക്കാൾ ഈടുനിൽക്കുന്ന ആസ്തികളിലേക്ക് നിലവിലെ വായ്പകൾ തിരിച്ചുവിടാൻ, സുതാര്യമായ ഓഡിറ്റുകളും ഡിജിറ്റൽ സംവിധാനങ്ങളും വ്യാപകമാക്കുന്നത് ഉപകരിയ്ക്കും.

**<u>കേരള വിഷൻ 2031</u>**

- ഐടി/ടെക് മേഖലയിൽ 2031 ഓടെ 5 ലക്ഷം തൊഴിലവസരങ്ങൾ, ₹20,000 കോടി സ്റ്റാർട്ടപ്പ് നിക്ഷേപം, $50 ബില്യൺ മൂല്യം നേടുക എന്നിവയാണ് ലക്ഷ്യം.

- ഇത് ഒന്നിലധികം ദൗത്യങ്ങളും ഘടനാപരമായ പരിഷ്കാരങ്ങളും (എ.ഐ.മിഷൻ, സെമികണ്ടക്ടർ മിഷൻ, സ്കിൽ-ആർഡ്-എന്റർപ്രണർഷിപ്പ് യൂണിവേഴ്സിറ്റി) ഉൾക്കൊള്ളുന്നു. ഇവ കേവലം ജനകീയ പ്രഖ്യാപനങ്ങളേക്കാൾ തന്ത്രപരമായ ചിന്തയുടെ ഒരു സാദൃശ്യം കാണിക്കുന്നു. പക്ഷെ ധനമെവിടെ കണ്ടെത്തും. വിശദാംശങ്ങൾ ലഭ്യമല്ല.

- പൊതു-സ്വകാര്യ പങ്കാളിത്തം, ലാൻഡ്-പൂളിംഗ് സംയുക്ത കൂട്ടുകൃഷി മോഡലുകൾ, സ്ഥാപന നവീകരണം സ്റ്റാർട്ടപ്പ് ദർശനം 2031 അംഗീകരിക്കുന്നു. എന്നാൽ വിഭവ ലഭ്യത-അനുബന്ധ പരിമിതികളെക്കുറിച്ച് അവബോധം ഇവിടെ സൂചിപ്പിക്കുന്നില്ല തന്നെ.

<u>വിശ്വാസ്യത അപകടത്തിൽ</u>

- പൊതുമേഖലയിൽ പൂർണ്ണമായും വിഭവ ലഭ്യത ഉറപ്പാക്കിയ ചെലവേറിയ വിഭവ-സമാഹരണ പാതകൾ ഈ ദർശനത്തിൽ ഇല്ല - നിലവിലെ വരുമാന ചിലവ് സമ്മർദ്ദങ്ങൾ കണക്കിലെടുക്കുമ്പോൾ പുതിയ പ്രതിബദ്ധതകൾക്ക് (മൂലധനം, അടിസ്ഥാന സൗകര്യങ്ങൾ, ജോലികൾ) എപ്രകാരം ധനസഹായം നൽകുമെന്ന് ബോധ്യപ്പെടുത്തുന്ന വിശദമായ ഒരു രൂപരേഖ നിലവിൽ ലഭ്യമാക്കിയിട്ടില്ല.

**<u>ആറ് ഇന ആവശ്യങ്ങൾ</u>** - ധന വിഷൻ 2031 ലെ ആറിനങ്ങൾ അവ്യക്തമായ മുദ്രാവാക്യങ്ങളായിട്ടാണ് കടന്നുവന്നിരിക്കുക.

1. **യൂണിയൻ റവന്യൂ വരുമാനത്തിന്റെ 60:40 ലംബ വിഭജനം നടപ്പിലാക്കുക:-** ക്ഷേമ ഉത്തരവാദിത്തങ്ങളുടെ ഭൂരിഭാഗവും സംസ്ഥാനങ്ങൾ വഹിക്കുന്നുണ്ടെന്ന് എന്ന് വാദിക്കുന്നു. പക്ഷെ, അനുബന്ധ കണക്കുകൾ ലഭ്യമാക്കിയിട്ടില്ല.
2. **സംസ്ഥാന-നിർദ്ദിഷ്ട തനതു സെസ്സുകൾ ചുമത്താനുള്ള അധികാരങ്ങൾ:-** അതുല്യമായ പ്രത്യേകതകൾ ഉള്ള ജനസംഖ്യാപരവും പാരിസ്ഥിതികവുമായ ദുർബലതകൾ പരിഹരിക്കുന്നതിന് ഇത് അനിവാര്യമാണ്. പക്ഷെ നിർദ്ദിഷ്ട പ്രൊപ്പോസലുകൾ നിജസ്ഥിതി റിപ്പോർട്ടുകൾ ലഭ്യമാക്കേണ്ടതുണ്ട്.
3. **വരുമാന നിരക്ക് സ്ഥിരത കൈവരിക്കും വരെ നഷ്ടപരിഹാരം:-** പ്രത്യേകിച്ച് ജി.എസ്.ടി. പരിഷ്ക്കരണ ശേഷവും തുടർന്നുമുള്ള സാമ്പത്തിക ആഘാതങ്ങളെ തരണം ചെയ്യേണ്ടതിന് ഇത് ഉപകരിക്കും, പക്ഷെ തൽസ്ഥിതി റിപ്പോർട്ടുകൾ തയ്യാറാക്കി അവതരിപ്പിക്കേണ്ടതുണ്ട്.
4. **FRBM പ്രകാരം വിശാലമായ വായ്പയെടുക്കൽ സ്ഥലം:-** കാലാവധി പൂർത്തിയാകുന്ന വായ്പകൾ തിരിച്ചടയ്ക്കുന്നതിനും മൂലധന വർദ്ധന ചെലവുകൾ സംരക്ഷിക്കുന്നതിനും കൂടിയ ധനകാര്യ ഇടം ലഭിക്കണം. ഇതിനായി സർക്കാരിന്റെ ധനകാര്യ മാനേജുമെന്റ് പലതലങ്ങളിൽ വിവിധ തരങ്ങളിൽ മികവ് ആർജ്ജിച്ച് കരുത്ത് തെളിയിക്കേണ്ടതുണ്ട്. ആയതിന്റെ അഭാവം നിലനിൽക്കുന്നു.
5. **വിഭജിക്കാവുന്ന പൊതു ധനവിഭവങ്ങളുടെ ഉയർന്ന വിഹിതം:-** സംസ്ഥാനങ്ങൾക്ക് നൽകണം. ഇതിലേയ്ക്ക് നിശ്ചിത രൂപരേഖ സംസ്ഥാനം തയ്യാറാക്കിയിട്ടുണ്ടോ? നിലവിൽ ലഭ്യമല്ല.
6. **പ്രകടനവും പരിശ്രമവുമായി ബന്ധപ്പെടുത്തി വിഭജിക്കാവുന്ന ധനപൂൾ:-** മികച്ച തോതിൽ സ്വന്തം വരുമാനം വർദ്ധിപ്പിക്കുന്ന-സമാഹരിക്കുന്ന സംസ്ഥാനങ്ങൾക്ക് അനുപാതകമായി പ്രതിഫലം നൽകുക.

പ്രായോഗിക ഫോർമുലകൾ പരീക്ഷിച്ച് പ്രാവർത്തികമാക്കേണ്ടതുണ്ട്. അനുബന്ധ നിർദ്ദേശങ്ങൾ തയ്യാറാവേണ്ടതാണ്.

ഇവയൊക്കെ അവ്യക്തമായ മുദ്രാവാക്യങ്ങളാവരുത്, നേരെമറിച്ച് നില വിലെ ധനവിഭവ കേന്ദ്രീകരണ ത്തെക്കുറിച്ചുള്ള ദീർഘകാല പരാതികളുടെ തൽസ്ഥിതി പ്രതിഫലിപ്പിക്കണം. മേൽ നിലപാടുകൾ ന്യായീകരിക്കപ്പെടു ന്നുണ്ടോ? കേരളത്തിന്റെ നിലപാടുകൾ ഭാഗികമായി ന്യായീകരിക്കപ്പെടുന്നവ യാണ്. സംസ്ഥാനങ്ങളുമായി പങ്കിടുവാൻ കഴിയാത്ത സെസ്സും സർചാർജും യൂണിയൻ സർക്കാർ കൂടുതലായി ഉപയോഗിക്കുന്നത് സംസ്ഥാനത്തിനായി വിഭജിക്കാവുന്ന ഇതര ധന പൂളിനെ, സ്രോതസുകളെ ചുരുക്കുന്നുവൊ? 14-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത 42% നേക്കാൾ ചെറിയ വിഹിതമാണ് സംസ്ഥാനങ്ങൾക്ക് ഇപ്പോൾ ലഭിക്കുന്നത്. വിശാലമായ ഒരു ധന-പൂളോ അനുബന്ധ നഷ്ടപരിഹാര സംവിധാനമോ വേണമെന്ന കേരളത്തിന്റെ ആവ ശ്യത്തിന് യുക്തിസഹമായ കാരണമുണ്ട്. എന്നിരുന്നാലും, കേരളം സ്വന്തം പരിമിതികളും അംഗീകരിക്കേണ്ടതുണ്ട്. ക്ഷേമ പദ്ധതികളിലുള്ള ഉയർന്ന ആശ്രിതത്വം, വ്യവസായ മേഖലയുടെ പരിമിതമായ വളർച്ച, താഴ്ന്ന വിഭവ വൈവിധ്യവൽക്കരണം, പൊതുമേഖലയിലെ വലിയ പെൻഷൻ ഭാരം, താഴ്ന്ന ഉൽപ്പാദനക്ഷമതയുള്ള സർക്കാർ മേഖല എന്നിവ പരിഷ്കരിക്കാനുള്ള ഭരണ ക്കാരുടെ വിമുഖത. ഉത്തരവാദിത്തമില്ലാത്ത ഭരണനടത്തിപ്പിന് കീഴിൽ ഫെഡ റലിസത്തിൽ നീതി അവകാശപ്പെടാൻ, ഉറപ്പിക്കാൻ കഴിയുകയില്ല.

<u>10000 കോടി രൂപയുടെ ക്ഷേമ പ്രഖ്യാപനം</u>

- പ്രതിമാസ ക്ഷേമ പെൻഷൻ (₹2,000 ആയി ഉയർത്തൽ), പുതിയ "സ്ത്രീ സുരക്ഷാ പെൻഷൻ" (നിലവിലെ പെൻഷൻ പദ്ധതിക്ക് പുറത്തുള്ള 35-60 വയസ്സ് പ്രായമുള്ള സ്ത്രീകൾക്ക് ₹1000/-മാസം). നൈപുണ്യപരിശീലനം/പരീക്ഷകൾ നടത്തുന്ന യുവജനങ്ങൾക്ക് ₹1000/- പ്രതിമാസ സ്കോളർഷിപ്പുകൾ, കുടുംബശ്രീയുടെ എ.ഡി. എസ്. യൂണിറ്റുകൾക്കുള്ള ഗ്രാന്റുകൾ തുടങ്ങിയവയ്ക്കായി ഏകദേശം ₹10,000 കോടി രൂപയുടെ പുതിയ ക്ഷേമ പദ്ധതികൾ സർക്കാർ പ്രഖ്യാപി ച്ചു. ഈ "പുതിയ പ്രതിബദ്ധതകൾ കുറഞ്ഞത് ₹10,000 കോടിയുടെ അധിക സാമ്പത്തിക ബാധ്യതകൾക്ക് കാരണമാകുമെന്ന്" ധനമന്ത്രി സമ്മതിച്ചിട്ടുണ്ട്. ഇത്ര വലിയ തുക കണ്ടെത്താമെന്ന് ധനമന്ത്രി ആത്മവി ശ്വാസം പ്രകടിപ്പിക്കുന്നത് അവിശ്വസനീയം.

<u>തിരഞ്ഞെടുപ്പ് സമയം</u>

- പുതിയ ക്ഷേമ പ്രതിജ്ഞകളുടെ (₹10,000 കോടി) വ്യാപ്തിയും പൊതു മേഖലയിൽ വ്യക്തമായി പ്രസിദ്ധീകരിച്ചതും വിശദവും പൊരുത്തപ്പെടു ന്നതുമായ വരുമാന-ചെലവ് പദ്ധതികളുടെ നിലവിലെ അഭാവവും (സമ

യക്രമങ്ങൾ, അപകടസാധ്യത ലഘൂകരണം, വിഭവ പ്രവാഹങ്ങളുടെ സമയബന്ധിത വിന്യസിക്കൽ ലഭ്യത എന്നിവയുൾപ്പെടെ) കണക്കിലെടുക്കുമ്പോൾ, ഈ നീക്കം ഗണ്യമായ സാമ്പത്തിക അപകടസാധ്യത സംവഹിക്കുന്നതായി കരുതാം. ഇവയുടെ സാമ്പത്തിക ഭാരം അടുത്ത സർക്കാരിനായിരിക്കും.

- ഉടനെ നടക്കുവാൻ പോകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപന തിരഞ്ഞെടുപ്പുകൾക്ക് തൊട്ടുമുമ്പുള്ള സമയത്ത്, നിർദ്ദിഷ്ട പാക്കേജ് പൂർണ്ണമായും ധനസഹായത്തോടയെുള്ളതും സുസ്ഥിരവുമായ നയ-രൂപകൽപ്പനുയുടെ അടിസ്ഥാനത്തിൽ വ്യക്തമായി രൂപകൽപ്പന ചെയ്യുന്നതിനുപകരം, ഭാഗികമായെങ്കിലും, തിരഞ്ഞെടുപ്പ് ആകർഷണത്തിനായി രൂപകൽപ്പന ചെയ്തിരിക്കുന്നുവൊ?.

ഇതിലേയ്ക്കായി തനത് വിഭവ ലഭ്യത, സ്വന്തം വരുമാന വളർച്ച, കേന്ദ്ര കൈമാറ്റം, കടമെടുക്കൽ, ഗ്യാരണ്ടി/കണ്ടിജന്റ് ലയബിലിറ്റി മാനേജ്മെന്റ് എന്നിവയുടെ വിശദാംശങ്ങൾ വ്യക്തമാക്കുകയും ഉറപ്പാക്കുകയും ചെയ്യുന്നതുവരെ, ഈ നടപടികളുടെ സുസ്ഥിരത അനിശ്ചിതത്വത്തിലാണ്.

<u>ആറിന ആക്ഷൻ പ്ലാൻ</u>

2024-25 ലെ ധന നിജസ്ഥിതി ധനകാര്യ രോഗനിർണ്ണയത്തോടൊപ്പം അനുബന്ധമായി അടുത്ത സാമ്പത്തിക വർഷം (2026-27) നടപ്പിലാക്കേണ്ട മുഖ്യ പരിഷ്കാരങ്ങൾ ഏവയെന്ന് വിശദമാക്കട്ടെ.

<u>ഏകീകൃത ബാധ്യതാ രജിസ്റ്റർ</u>

**നിലവിലെ സ്ഥിതി (2024-25):** സംസ്ഥാനത്തിന്റെ മൊത്തം, കടം വിശദമാക്കുന്ന ഒരു ഏകീകൃത പൊതു രേഖ ലഭ്യമല്ല. KIIFB, KSSPL, ഗ്യാരണ്ടികൾ എന്നിവയിൽ നിന്നുള്ള ബാധ്യതകളും വിഘടിച്ച് അവതരിയ്ക്കപ്പെട്ടിരിക്കുന്നു. ഇത് തികച്ചും അഭിലഷണീയമല്ല.

<u>കാപെക്സ് അച്ചടക്കം</u>

**നിലവിലെ ധനസ്ഥിതി:** മൂലധന രൂപീകരണം മൊത്തം ചെലവിന്റെ 15 ശതമാനത്തിൽ താഴെയാണ്; മിക്ക വായ്പകളും ശമ്പളത്തെയും സബ്സിഡികളെയും പോഷിപ്പിക്കുന്നു.

**സ്വീകരിക്കേണ്ട നടപടി:** അറ്റ വായ്പകളിലെ കാപെക്സ് 30 ശതമാനമായി ഉയർത്തുന്നത് പുതിയ ആസ്തി സൃഷ്ടി ഇരട്ടിയാക്കും. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കും, വളർച്ച-കടം അനുപാതം മെച്ചപ്പെടുത്തും.

<u>പ്രതിബദ്ധതയുള്ള ചെലവുകൾ പരിമിതമാക്കുക</u>

**നിലവിലെ അവസ്ഥ:** ശമ്പളം, പെൻഷനുകൾ, പലിശ എന്നിവ ഒരുമിച്ച് വരുമാന രസീതുകളുടെ മൂന്നിൽ രണ്ട് ഭാഗവും ഉപയോഗിക്കുന്നു.

**സ്വീകരിക്കേണ്ട നടപടി:** ശമ്പള ഓഡിറ്റ്, പെൻഷൻ പരിഷ്കരണം, ഉയർന്ന ചെലവുള്ള കടം റീഫിനാൻസ് ചെയ്യൽ എന്നിവ ഏർപ്പാടാക്കിയാൽ പ്രതി വർഷം ₹6,000–₹8,000 കോടി ലാഭിക്കാൻ ഉപകരിക്കും. ഇത് സാമൂഹിക, അടി സ്ഥാന സൗകര്യ ചെലവുകൾക്കുള്ള അധിക വിഭവങ്ങൾ ലഭ്യമാക്കും.

**വരുമാനം ശക്തിപ്പെടുത്താം**

**നിലവിലെ അവസ്ഥ:** ജി.എസ്.ടി. കളക്ഷനുകൾ മികവ് മുന്നേറ്റം കാണിക്കു ന്നു. പക്ഷേ അനുസരണ വിടവുകൾ നിലനിൽക്കുന്നു; ഉപയോക്തൃ ചാർജ്ജു കളും നികുതി ഇതര വരുമാനങ്ങളും സ്തംഭനാവസ്ഥയിൽ തുടരുന്നു.

**സ്വീകരിക്കേണ്ട നടപടി:** മെച്ചപ്പെട്ട നികുതി നടത്തിപ്പ് അനുസരണം, ആസ്തി വൽക്കരണം യുക്തിസഹമായ ഫീസ് നിരക്കുകളും എന്നിവ സ്വന്തം നികുതി/ജി.എസ്.ഡി.പി. നിരക്കിനെ 7.5 ശതമാനത്തിൽ ഉയർത്തും, ഇത് വരു മാന കമ്മി കുറയ്ക്കാൻ ആക്കം കൂട്ടും.

**കാഷ്-ഫ്ളോ ആധുനികവൽക്കരണം**

**നിലവിലെ സ്ഥിതി:** വിഘടിച്ച/നിരവധി പി. ഡി. അക്കൗണ്ടുകളുടെ പെരു ക്കവും പ്രവചനാതീതമായ പണമൊഴുക്കും ആർ.ബി.ഐ.യുമായുള്ള ഓവർഡ്രാഫ്റ്റുകളിലേക്ക് നയിക്കും.

**നടപടിയെടുക്കാം:** ഒരു ട്രഷറി സിംഗിൾ അക്കൗണ്ടും ദൈനംദിന പ്രവച നവും ഓവർഡ്രാഫ്റ്റ് ഉപയോഗം 50 ശതമാനം കുറയ്ക്കുകയും സാമ്പത്തിക ഭദ്രത മെച്ചപ്പെടുത്തുകയും ചെയ്യും.

**2027 മാർച്ചോടെ ധനകാര്യ ലക്ഷ്യങ്ങൾ**

**നിലവിലെ സ്ഥിതി:** റവന്യു കമ്മി ജി.എസ്.ഡി.പി.യുടെ 1.9 ശതമാനത്തിനടു ത്താണ്; ഇപ്രകാരം പ്രാഥമിക ബാലൻസ് നെഗറ്റീവ് ആയി തുടരുന്നു.

**വേണ്ട നടപടി:** പ്രതിവർഷം 0.5 ശതമാനം പോയിന്റ് വീതം വരുമാന കമ്മി കുറയ്ക്കുകയും ബജറ്റിൽ കെ.ഐ.എഫ്.ബി. തിരിച്ചടവ് സംയോജിപ്പിക്കു കയും ചെയ്യുന്നത് 2027 ഓടെ പൂജ്യത്തിനടുത്തുള്ള പ്രാഥമിക ബാലൻസ് പുന:സ്ഥാപിക്കുകയും 2031 വിഷൻ അച്ചടക്ക നാഴികക്കല്ലുകൾ കൈവരിക്കു വാൻ ശക്തമായ അടിത്തറ സ്ഥാപിക്കുകയും ചെയ്യും.

**അഞ്ച് മുഖ്യ ലക്ഷ്യങ്ങൾ 2026**

അടുത്ത സാമ്പത്തിക വർഷത്തിലേക്ക് ബാധകമായ അഞ്ച് ധനകാര്യ നടത്തിപ്പ് സൂചകങ്ങളുടെ അംഗീകൃത/സ്വീകാര്യമായ നിരക്കുകളും ഇവ യുടെ അനുബന്ധ തൽസ്ഥിതിയും 2026-27 ലേക്ക് ലക്ഷ്യമിടേണ്ടവയും വിവ രിയ്ക്കട്ടെ.

(1) അടുത്ത സാമ്പത്തിക വർഷം (2026) വരുമാനകമ്മി നിലവിലെ 1.9% ൽ നിന്ന് ≤1.5% അതിലേക്ക് എത്തിയ്ക്കുക. ഉപഭോഗത്തിനായി വായ്പയെടുക്കുന്നത് ക്രമേണ പൂർണ്ണമായി ഒഴിവാക്കണം.

(2) നിലവിലെ ധനകമ്മി 3.2% ൽ നിന്നും ≤3% ആക്കി പരിമിതപ്പെടുത്താം. കേന്ദ്ര ധനകാര്യ കമ്മീഷനുമായി സഹകരിച്ചു വർത്തിക്കേണ്ടതുണ്ട്.

(3) വായ്പകളിൽ നിന്നുമുള്ള മൂലധന നിക്ഷേപം നിലവിലെ 2% ൽ നിന്നും ≥ 25% ത്തിലേക്ക് ഉയർത്തട്ടെ. ഇത് സാമ്പത്തിക വളർച്ചയെ കുത്തനെ ഉയർത്തും.

(4) കമ്മിറ്റഡ് റവന്യു ചെലവുകൾ നിലവിലെ ≥64% ത്തിൽ നിന്നും ≤60% ലേക്ക് താഴ്ത്തി നടപ്പിലാക്കപ്പെടട്ടെ. സാമ്പത്തിക പുരോഗതിയ്ക്കായി ധനകാര്യ ലഭ്യത വർദ്ധിപ്പിക്കും. ക്യാപ്പക്സ് നിരക്ക് ഉയരും, വ്യവസായം, തൊഴിൽ, വരുമാനം വർദ്ധനവുണ്ടാവും.

(5) കടം-ജി.എസ്.ഡി.പി. റേഷ്യോ നിലവിലെ 33.8% ൽ നിന്ന് 33% ൽ എത്തിയ്ക്കട്ടെ കടക്കെണി തകരും.

ഇതുവഴി നിലവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന സംസ്ഥാനത്തിന് മികച്ച ധനകാര്യ ഫെഡറലിസത്തിന്റെ മാതൃകയായി മാറാൻ കഴിയും അങ്ങയുടെ നേതൃത്വത്തിലൂടെ.

*********